**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1397** **18-01-2021 - ൽ മറുപടിയ്ക്ക്**

**തൃപ്പാറ, മാത്തൂർ, ചിറ്റൂർകടവ് പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.യു. ജനീഷ് കുമാർ | | Shri E. Chandrasekharan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പണി ആരംഭിച്ചിരുന്ന തൃപ്പാറ, മാത്തൂർ, ചിറ്റൂർകടവ് പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഈ പാലങ്ങളുടെ തുടർനിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (എ) | റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പണി ആരംഭിച്ചിരുന്ന തൃപ്പാറ, മാത്തൂർ, ചിറ്റൂർ കടവ് പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്തതാകുന്നു. പ്രസ്തുത പാലങ്ങളുടെ നിർമ്മാണങ്ങളുടെ തുടർ നടപടിയ്ക്കായി പ്രാരംഭ പ്രവർത്തനം എന്നുള്ള നിലയിൽ പാലങ്ങളുടെ ഡക്ക് സ്ലാബ് ഡിസൈൻ മാറ്റുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയത്തിൽ സാങ്കേതിക പഠനം നടത്തി വിശദമായ പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോളേജ് ഓഫ് എൻജിനീയറിംഗ് തിരുവനന്തപുരത്തെയും മേൽനോട്ടം വഹിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറെയും ചുമതലപ്പെടുത്തിക്കൊണ്ടും 22.10.2020-ലെ റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല സമിതിയുടെ യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതിൻ പ്രകാരം തുടർ നടപടി സ്വീകരിക്കുന്നതിന് ടി വിവരം തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് അധികാരികളെ അറിയിച്ചിട്ടുണ്ട്. ടി പരിശോധനയ്ക്ക് ആവശ്യമായ എല്ലാ സഹായ സഹകരണവും കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർക്ക് നൽകുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നൽകിയ തുക | തീയതി. | ഇനം | തുക കൈപ്പറ്റിയ വ്യക്തി/സ്ഥാപനം |
|---|---|---|---|---|
| 1 | 76,37,352 | Order No. 140390/15<br>Dated: 01.12.2016<br>ChequeNo.0180686<br>Dtd.14.12.2016<br>C/o 19.12.2016 | Mobilisation Advance (for M/s SERMS-Infrastructure Pvt. Ltd.) | പ്രൊജക്ട് മാനെജർ, ജില്ലാ നിർമിതി കേന്ദ്രം, പത്തനംതിട്ട |
| 2 | 14,81,052 | Order No. 140390/15<br>Dated: 29.08.2017<br>ChequeNo.0180700<br>Dtd.16.08.2017<br>C/o 18.08.2017 | Consultancy fees(for integral solutions) | പ്രൊജക്ട് മാനെജർ, ജില്ലാ നിർമിതി കേന്ദ്രം, പത്തനംതിട്ട |
| 3 | 6,44,23, 260 | Order No. 140390/15<br>Dated: 29.08.2017<br>ChequeNo. 1698601<br>Dtd.29.08.2017<br>C/o 30.08.2017 | Part bill payment for construction of five bridges (for M/s SERMS-infrastructure Pvt. Ltd.) | പ്രൊജക്ട് മാനെജർ, ജില്ലാ നിർമിതി കേന്ദ്രം, പത്തനംതിട്ട |
| 4 | 32,44,662 | Order No. 140390/15<br>Dated: 06.12.2017<br>ChequeNo. 1698603<br>Dtd.06/12-17<br>C/o 21.12.2017 | Service charge to Nirmithy Kendra | പ്രൊജക്ട് മാനെജർ, ജില്ലാ നിർമിതി കേന്ദ്രം, പത്തനംതിട്ട |
| 5 | 13, 35, 448 | Order No. 140390/15<br>Dated: 14.06.2018<br>ChequeNo. 1698607<br>Dtd.14.06.2018<br>C/o 27.07.2018 | Consultancy fees(for integral Solutions) | പ്രൊജക്ട് മാനെജർ, ജില്ലാ നിർമിതി കേന്ദ്രം, പത്തനംതിട്ട |
| Total | **7,81,21,954/-** (Seven Crore eighty one lakh twenty one thousand nine hundred and fifty four only) | | | |

 റ്റി 3

**സെക്ഷൻ ഓഫീസർ**